# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.38** — **27/02/2017-ന് മറുപടിക്ക്**

**<u>പാലക്കാട് ജില്ലയിലെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്</u>**

**<u>ചോദ്യം</u>**

ശ്രീ.കെ.ബാബു

**<u>ഉത്തരം</u>**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിലെ എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമനം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കമോ ; | (എ) | പാലക്കാട് ജില്ലയിലെ എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും 17.02.2017 വരെ ആകെ 393 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കമോ ; | (ബി) | പി.എസ്.സി.റാങ്ക് പട്ടിക നിലവിലുള്ളതും എന്നാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യിട്ടില്ലാത്തതുമായ തസ്തികകൾ സംബന്ധിച്ച് നിലവിലുള്ള ഒഴിവുകൾ എല്ലാം തന്നെ ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷന്മാർ, നിയമനാധികാരികൾ അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 2017 ലെ പ്രതീക്ഷിത ഒഴിവുകൾ എല്ലാ വകുപ്പുകളും 2016 സെപ്റ്റംബർ 30 ന മുമ്പ് റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശം നൽകിയിരുന്നു. കൂടാതെ നിയമനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 2017 ഫെബ്രുവരി 28-ാം തീയതിക്കു മുമ്പായി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി ചേർന്ന് സെലക്ട് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കണമെന്നും വകുപ്പദ്ധ്യക്ഷന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ ഓൺലൈൻ ആയി റിപ്പോർട്ട് ചെയ്യുന്നതിന് VARAM എന്ന ഒരു സോഫ്റ്റ് വെയർ സംവിധാനം സർക്കാർ വികസിപ്പിച്ചിട്ടുണ്ട്. |
| (സി) | റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കമോ ? | (സി) | റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് പി.എസ്.സി. ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകുന്നത്. |

**സെക്ഷൻ ഓഫീസർ**